**കേരള സർക്കാർ**

നം.66583/ഡിഎ2/14/തസ്വഭവ

തദ്ദേശ സ്വയംഭരണ(ഡി എ)വകുപ്പ്,
തിരുവനന്തപുരം, തീയതി : 17.11.2014.

## സർക്കുലർ

വിഷയം : - തദ്ദേശ സ്വയംഭരണ വകുപ്പ് - ഭർത്താക്കൻമാർ ഉപേക്ഷിച്ചവരുടെ പെൺമക്കൾക്ക് വിവാഹധനസഹായം അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന : - പഞ്ചായത്ത് ഡയറക്ടറുടെ 31.05.2014-ലെ ജെ4-15151/2014 നമ്പർ കത്ത്

സാധുക്കളായ വിധവകളുടെ പെൺമക്കൾക്കും വിവാഹമോചിതരായിട്ടുള്ളവരും ഭർത്താവിനെ കാണാതായി 7 വർഷം കഴിഞ്ഞവർക്കും നിലവിൽ ഗ്രാമപഞ്ചായത്തുകൾ മുഖേന വിവാഹ ധനസഹായവും വിധവാ പെൻഷനും അനുവദിക്കുന്നുണ്ടെന്നും, വിധവാ പെൻഷന്റെ ഈ മാനദണ്ഡങ്ങൾ ഭർത്താക്കൻമാർ ഉപേക്ഷിച്ചവരുടെ പെൺമക്കൾക്കും, ഭർത്താവിനെ കാണാതായി 7 വർഷം കഴിഞ്ഞവർക്കും വിവാഹധനസഹായം അനുവദിക്കുന്നതിന് മാനദണ്ഡങ്ങളായി പരിഗണിച്ച് വിവാഹധനസഹായം അനുവദിക്കാവുന്നതാണെന്നും സൂചന പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

വിധവാ പെൻഷന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി ഭർത്താക്കൻമാർ ഉപേക്ഷിച്ചവരുടെ പെൺമക്കൾക്കും ഭർത്താവിനെ കാണാതായി 7 വർഷം കഴിഞ്ഞവർക്കും ഗ്രാമപഞ്ചായത്തുകൾ മുഖേന വിവാഹധനസഹായം അനുവദിക്കാവുന്നതാണെന്ന് നിർദ്ദേശം നൽകുന്നു.

**സി.വത്സല**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ